## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2933

10-05-2017 ൽ മറുപടിയ്ക്ക്

## ആയുധ ലൈസൻസുകൾ പുതുക്കി നൽകാൻ നടപടി

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) നിലവിലുള്ള ആയുധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ആയുധ ലൈസൻസുകൾ ജില്ലാ അധികാരികൾ പുതുക്കി നൽകാതിരിക്കുന്നതും, പുതിയ ലൈസൻസുകൾ അർഹതപ്പെട്ടവർക്ക് കൊടുക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | ഇത് സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള 1959-ലെ ആയുധ നിയമവും, 2016-ലെ ആയുധ ചട്ടങ്ങളും പ്രകാരം ലൈസൻസിംഗ് അധികാരിയായ ജില്ലാ മജിസ്ട്രേറ്റ് / അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എന്നിവർക്ക് അപേക്ഷയ്ക്ക് ആസ്പദമായ സംഗതികൾ പരിശോധിച്ച് ആയുധ ലൈസൻസ് പുതുക്കുന്നതിന്റെയും പുതിയ ലൈസൻസ് അനുവദിക്കുന്നതിന്റെയും അപേക്ഷകളിന്മേൽ നിയമാനുസൃതമായി ലൈസൻസ് അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്. |
| ബി) 09.03.2015-ലെ കേരള സർക്കാർ ആഭ്യന്തര വകുപ്പ് (എഫ്) നമ്പർ 16109/എഫ്1/15/ആഭ്യന്തരം സർക്കുലർ നിർദ്ദേശം നടപ്പിലാക്കാതെ അപേക്ഷകരെ വിവിധ ജില്ലാ മേധാവികൾ കഷ്ടപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; നിയമാനുസരണം അടിയന്തരമായി ലൈസൻസുകൾ പുതുക്കി കൊടുക്കാൻ ആവശ്യമായ ഉത്ത്രവ് പുറപ്പെടുവിക്കുമോ; | ബി) | 15-07-2016 മുതൽ പുതിയ ആയുധ ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളതാണ്. ടി ചട്ടങ്ങളിൽ സമയപരിധി കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലുപരിയായി ഇക്കാര്യത്തിൽ ഉത്തരവുകൾ ആവശ്യമുണ്ടോ എന്ന വസ്തുത സർക്കാർ പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ബഹു. കേരള ഹൈക്കോടതിയുടെ 2015(1) KHC 351 (Case No. WP(c) No. 38165 of 2010 dt. 19/11/2014 വിധിയിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിധി ന്യായത്തിൽ ഒരിക്കൽ അനുവദിച്ച ആയുധ ലൈസൻസ് പുതുക്കുന്ന നടപടിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് പരാമർശിച്ചിട്ടുള്ളത്. |
| ഡി) | ഈ രണ്ട് പ്രധാന ഉത്തരവുകളും കാറ്റിൽ പറത്തുന്ന നടപടികളാണ് ജില്ലാ ഭരണകൂടങ്ങൾ അപേക്ഷ കരെ ബുദ്ധിമുട്ടിക്കാൻ തുടർന്നു കൊണ്ടിരിക്കുന്നതെന്ന വസ്തുത മനസ്സിലാക്കി അപേക്ഷകരെ സഹായിക്കാൻ പറ്റുന്ന തരത്തിൽ വ്യക്തമായ ഉത്തരവ് നടപ്പാക്കുമോ; | ഡി) | നിലവിലുള്ള നിയമ നടപടികളും മേൽ ഉത്തരവുകളും അവഗണിച്ചുകൊണ്ട് അപേക്ഷകരെ മനഃപൂർവ്വമായി ബുദ്ധിമുട്ടിക്കുന്ന നടപടികളൊന്നും ജില്ലാ ഭരണകൂടങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല ജില്ലാ ഭരണകൂടത്തിന്റെ ഉത്തരവിന്മേൽ അതൃപ്തിയുള്ള പക്ഷം അപേക്ഷകർക്ക് അപ്പീൽ ഫയൽ ചെയ്യുവാനുള്ള വ്യവസ്ഥ നിയമത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഇ) | നിലവിലുള്ള ആയുധ ലൈസൻസുകൾ പുതുക്കാൻ അതാത് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റിപ്പോർട്ട് മാത്രം വേണ്ടിയിരിക്കെ പോലീസ്, റവന്യൂ, ഫോറസ്റ്റ് വകുപ്പുകളുടെ സമ്പൂർണ്ണ റിപ്പോർട്ട് ആവശ്യപ്പെട്ട് ലൈസൻസ് ഉടമകളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ നടപടികൾ ഉദ്യോഗസ്ഥ അഴിമതിക്കും സ്വജനപക്ഷപാതത്തിനും വഴി വയ്ക്കുന്ന എന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ഇ) | ആയുധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുമ്പോഴോ പുതുക്കി നൽകുമ്പോഴോ അപേക്ഷകൻ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെയും കൃഷി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. അപേക്ഷകന്റെ താമസസ്ഥലമോ കൃഷിയിടമോ റിസർവ്വ് ഫോറസ്റ്റിന്റെയോ, വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെയോ 10 കി.മീ. ചുറ്റളവിലാണെങ്കിൽ വനം വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മാത്രമെ ലൈസൻസ് അനുവദിക്കാവൂ എന്ന് 1972-ലെ വന്യമൃഗ സംരക്ഷണ നിയമം വകുപ്പ് 34 പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. 2016-ലെ ആയുധ ചട്ടങ്ങൾ ചട്ടം 35 പ്രകാരം മനുഷ്യർ, കന്നുകാലികൾ, കാർഷിക വിളകൾ എന്നിവയ്ക്ക് ഭീഷണിയാകുന്ന വന്യ മൃഗങ്ങളിൽ നിന്നുള്ള സംരക്ഷ ണാർത്ഥം ഫോറം IV ലുള്ള |

| | | | |
|---|---|---|---|
| | | | ലൈസൻസ് അനുവദിക്കേണ്ടത് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി വേണം എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ നിയമ വ്യവസ്ഥകളെ അടിസ്ഥാന മാക്കിയാണ് അപേക്ഷകളിന്മേൽ ആവശ്യമുള്ളപക്ഷം റവന്യൂ വകുപ്പി ന്റെയും വനം വകുപ്പിന്റെയും റിപ്പോർട്ടുകൾ കൂടി ലഭ്യമാക്കി വരുന്നത്. |
| എഫ്) | ഈ വിഷയത്തെ സംബന്ധിച്ച് No.MLA-PNJR-GP(CM)/10/ 2016-17/dt. 27/03/17 പ്രകാരം ബഹു. മുഖ്യമന്ത്രിക്കും, No. MLA - PNJR-GP/144/2017-18/dt. 06.04.2017-ൽ ചീഫ് സെക്രട്ടറി ക്കും എം.എൽ.എ. വിശദമായ കത്ത് നൽകിയപ്രകാരം എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരി ക്കുമോ; വിശദാംശങ്ങൾ വെളിപ്പെടു ത്തുമോ? | എഫ്) | ശ്രീ.പി.സി.ജോർജ്ജ് എം.എൽ.എ. സമർപ്പിച്ച നിവേദനത്തിലെ ആവശ്യം നിയമ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരികയാണ്. നിയമോ പദേശം ലഭ്യമായശേഷം ഇക്കാര്യ ത്തിൽ തുടർനടപടി സ്വീകരിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ